പോലീസ് കമാന്റോസ്, ബോംബ് ഡിറ്റക്ഷൻ സ്കാഡുകൾ ഇന്റലിജൻസ് വിഭാഗം, ദുരന്ത നിവാരണ സേനദ്രുത കർമ്മ സേന എന്നിവരെ സന്നിധാനം, പമ്പ തുടങ്ങിയ സ്ഥലങ്ങളിൽ വിന്യസിച്ച് തിരക്ക് നിയന്ത്രിച്ച് അപകടങ്ങൾ ഒഴിവാക്കാൻ ശ്രമിച്ചിട്ടുണ്ട്. എല്ലാ പ്രധാന കേന്ദ്രങ്ങളിലും സുരക്ഷാ ക്രമീകരണങ്ങൾക്കായി വിവിധ സെക്ടറുകളായി തിരിച്ച് അതാത് ജില്ലാ പോലീസ് സൂപ്രണ്ടുമാരെ ചുമതലപ്പെടുത്തിയിരുന്നു. ശുചീകരണ പ്രവർത്തനങ്ങൾ സാനിട്ടേഷൻ സൊസൈറ്റി മുഖേന നടത്തിയിരുന്നു. കെ.എസ്.ആർ.ടി.സി. വാഹന സൗകര്യമൊരുക്കിയിരുന്നു. ശബരിമലയിലും പമ്പയിലും ദേവസ്വം ബോർഡും അയ്യപ്പസേവാസംഘവും അന്നദാനം ഒരുക്കിയിരുന്നു. ഓക്സിജൻ പാർലറുകൾ, ജീവൻരക്ഷാ ആംബുലൻസുകൾ എന്നിവയും സജ്ജമാക്കിയിരുന്നു.

(സി) വണ്ടിപ്പെരിയാർ മുതലായ അതിർത്തി പ്രദേശങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന തടക്കമുള്ള കാര്യങ്ങൾ സർക്കാർ പരിശോധിച്ച് വരുന്നു.

ദേവസ്വം ബോർഡിൽ പി.എസ്.സി.വഴി നിയമനം

223(431) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ.വർക്കല കഹാർ :
ശ്രീ.എ. പി. അബ്ദുള്ളകുട്ടി :
ശ്രീ.അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടശേഷവും ഈ തസ്തികകളിൽ നേരിട്ട് നിയമനം നടത്തുന്നതിന് ദേവസ്വം ബോർഡ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ തസ്തികകളിലേക്കാണ് ഇത്തരത്തിൽ നേരിട്ട് നിയമനം നടത്തുന്നത് ;

(സി) ഇത്തരം നിയമനങ്ങൾക്കുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ഡി) ഈ വർഷം തിരുവിതാംകൂർ ദേവസ്വം ബോർഡിൽ പി.എസ്.സി. വഴി അല്ലാതെ ഏതൊക്കെ തസ്തികകളിലെ നിയമനങ്ങൾക്കായുള്ള നടപടി ക്രമങ്ങളാണ് നടന്നുവരുന്നത് ;

(ഇ) പി.എസ്.സി.-ക്ക് വിട്ട തസ്തികകളിൽ ഇത്തരത്തിൽ നേരിട്ട് നിയമനം നടത്താനുള്ള സാഹചര്യങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) പി.എസ്.സി. വഴി ഈ തസ്തികകളിൽ നിയമനം നടത്താനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-ഡി) പി.എസ്.സി.-ക്ക് വിട്ട തസ്തികകളിൽ കമ്പോസിറ്റർ, ബയിന്റർ എന്നിവയിലും കൂടാതെ പി.എസ്.സി.-ക്ക് വിടാത്ത റെക്കാർഡ് അസിസ്റ്റന്റ്, ലാസ്കർ, സ്വീപ്പർ എന്നിവയിലും ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ബോർഡ് നേരിട്ട് നിയമനം നടത്തിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, വഴി എൽ.ഡി.ക്ലാർക്ക്/ടൈപ്പിസ്റ്റ്, സെക്കന്റ്ഗ്രേഡ് സബ് ഗ്രൂപ്പ് ഓഫീസർ, ഓവർസിയർ എന്നീ തസ്തികകളിലേക്ക് താൽക്കാലിക നിയമനത്തിനും വിളിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ ലിസ്റ്റിൽ നിന്നും താൽക്കാലികമായി എൽ.ഡി.ക്ലാർക്ക്/സെക്കന്റ് ഗ്രേഡ് സബ് ഗ്രൂപ്പ് ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ ഇന്റർവ്യൂ കഴിഞ്ഞിട്ടുള്ളതാണ്. മറ്റ് സ്ഥലങ്ങളിൽ ഇന്റർവ്യൂ ഈ മാസം 9 മുതൽ 11 വരെ നടത്താൻ ബോർഡ് തീരുമാനിച്ചിട്ടുള്ളതാണ്.

(ഇ) ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾക്ക് വിധേയമായി ചില നിയമനങ്ങൾ ദേവസ്വം ബോർഡ് നടത്തിട്ടുണ്ട്. ദേവസ്വം ബോർഡ് നിയമങ്ങൾക്കായുള്ള റിക്രൂട്ട്മെന്റ് റൂളുകൾ പി.എസ്.സി. അംഗീകരിച്ച ശേഷം നിയമനത്തിനുള്ള പട്ടിക തയ്യാറാക്കുന്നതിന് കാലതാമസം വരുമെന്നതിനാലും നിയമനങ്ങൾ വൈകുന്നത് ബോർഡിന്റെ ദൈനംദിന പ്രവർത്തനത്തെ ബാധിക്കുമെന്നതിനാലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനത്തിന് ബോർഡ് നടപടി സ്വീകരിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(എഫ്) ഭൂരിഭാഗം തസ്തികകളിലേക്ക് പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് ആവശ്യമായ റിക്രൂട്ട്മെന്റ് റൂളുകൾ ബോർഡ് തയ്യാറാക്കി പി.എസ്.സി. അംഗീകരിച്ചാൽ മാത്രമെ നിയമനങ്ങൾ നടത്താനാവൂ.

ദേവസ്വം ബോർഡിനു കീഴിലുള്ള സി.ബി.എസ്.ഇ. സ്കൂളുകളുടെ അഫിലിയേഷൻ

224(432) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവസ്വം ബോർഡിന്റെ കീഴിലുള്ള സി.ബി.എസ്.ഇ. സ്കൂളുകൾക്ക് സ്ഥിര അഫിലിയേഷൻ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) പ്രസ്തുത സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ എന്തെല്ലാം നടപടി സ്വീകരിച്ചു വരുന്നു എന്നത് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

(ബി) ദേവസ്വം ബോർഡ് സി.ബി.എസ്.ഇ. സ്കൂളുകളിലെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി 10-01-2011-ന് ദേവസ്വം ബോർഡിൽ യോഗം ചേരുകയും ആവശ്യമായ സ്റ്റാഫിനെ നിയമിക്കൽ, എൻ.സി.ആർ.ടി., സി.ബി.എസ്.ഇ. പാഠപുസ്തകങ്ങൾ ലഭ്യമാക്കൽ എന്നിവയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly